LIBRARY ARCHIVES Kerala Legislative Assembly

ജഡ്ജിമാരുടെ ഒഴിവ്

46 († 2862) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ കോടതിയിൽ ജഡ്ജിമാരുടെ എത്ര ഒഴിവു കളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കേസ്സുകളാണ് ഇവിടെ വിചാരണ കാത്ത് കിടക്കുന്നതെന്ന് കണക്കുകൾ ലഭ്യമാക്കാമോ ;

(സി) കാസർഗോഡ് കുടുംബ കോടതിയിൽ ജഡ്ജിയുടെ ഒഴിവ് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജഡ്ജിമാരുടെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ ജഡ്ജിമാരുടെ താഴെ കാണുന്ന ഒഴിവുകൾ ഉണ്ട്:

(i) ജഡ്ജ് കുടുംബകോടതി

(ii) അഡീഷണൽ ഡിസ്ട്രിക് ജഡ്ജ് II/അഡീഷണൽ എം.എ.സി.റ്റി.

(iii) അഡീഷണൽ ഡിസ്ട്രിക് ജഡ്ജ് III/അഡീഷണൽ എം.എ.സി.റ്റി. III

(ബി) കാസർഗോഡ് ജില്ലയിൽ 31-3-2015 വരെ 8928 സിവിൽ കേസ്സുകളും 16611 ക്രിമിനൽ കേസ്സുകളും നിലവിലുണ്ട്.

(സി&ഡി) ഉണ്ട്. ആയത് നികത്തുന്നതിനുള്ള നടപടി ഹൈക്കോടതി രജിസ്ട്രാർ സ്വീകരിച്ചുവരുന്നു.

കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സിന് ഭൂമി

47 († 2863) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സിന് കല്ലട ജലസേചന പദ്ധതിയിൽനിന്ന് ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥലത്തുള്ള കെട്ടിടത്തിൽ കോടതി പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

ഉത്തരം

ഇക്കാര്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.